(സി) ഇപ്പോൾ നിലവിലുള്ള കോളനികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും ഗതാഗതം മെച്ചപ്പെടുത്താനും കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 317 പട്ടികജാതി കോളനികൾ ഉണ്ട്. പട്ടിക വർഗ്ഗ കോളനികൾ ഇല്ല.

(ബി) ഇവയിൽ 293 കോളനികളിൽ വൈദ്യുതിയും 287 കോളനികളിൽ കുടിവെള്ളവും ലഭ്യമാക്കിയിട്ടുണ്ട്. 24 കോളനികളിൽ വൈദ്യുതിയും 30 കോളനികളിൽ കുടിവെള്ളവും ലഭ്യമാക്കുവാനുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ത്രിതല പഞ്ചായത്തുകൾ വഴിയാണ് ഈ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

വിവിധോദ്ദേശ്യ തൊഴിൽ ക്ലബ്ബുകൾ

85 [6056] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസം നേടിയ പട്ടികജാതി യുവാക്കളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻവേണ്ടി വിവിധോദ്ദേശ്യ തൊഴിൽ ക്ളബ്ബുകൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്ലമ്പിംഗ്, ഇലക്ട്രിക്കൽ, കാർപ്പെന്ററി, മേസ്സണറി, വീട്ടുപകരണങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങി നഗരനിവാസികൾക്ക് മെച്ചപ്പെട്ട ഗാർഹിക സേവനങ്ങൾ യഥാസമയം ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസവും വൈദഗ്ദ്ധ്യവും സേവന തൽപ്പരതയുമുള്ള പട്ടികജാതി യുവതീയുവാക്കളെ തെരഞ്ഞെടുത്ത് മൾട്ടി പർപ്പസ് ജോബ് ക്ളബ്ബ് എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ പരിപാടിയുണ്ട്.

(ബി) ക്ലബ്ബ് ഒന്നിന് 5 ലക്ഷം രൂപയാണ് ചെലവിനായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ പട്ടികജാതി വകുപ്പ് വിഹിതം 3,20, 000 രൂപയും ബാങ്ക് വായ്പ 1,62,000 രൂപയും ഗുണഭോക്തൃ വിഹിതം 18,000 രൂപയുമാണ്.

നടപ്പുവർഷം ഇത്തരത്തിലുള്ള പത്ത് ക്ലബ്ബുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഐ. റ്റി. ഐ./ഐ. ടി. സി. തുടങ്ങിയ സാങ്കേതിക യോഗ്യതയുള്ള പത്ത് പേർ വീതമടങ്ങിയ ഈ ക്ലബ്ബുകൾ പട്ടികജാതി വികസന വകുപ്പിന്റെയും കുടുംബശ്രീയുടേയും സംയുക്താഭിമുഖ്യത്തിലായിരിക്കും പ്രവർത്തിക്കുക. നഗരത്തിൽ ഏറ്റവും തിരക്കുള്ളതും അനുയോജ്യവുമായ സ്ഥലത്തായിരിക്കും ക്ലബ്ബിന്റെ കേന്ദ്ര ആഫീസ്. സഞ്ചരിക്കുന്ന യൂണിറ്റായാണ് പ്രവർത്തനം രൂപകൽപ്പന ചെയ്തിട്ടുള്ളത് എന്നതിനാൽ ഓരോ യൂണിറ്റിനും 5 സെൽ ഫോൺ, ഒരു ലാൻഡ് ഫോൺ, 5 മോപ്പഡ് എന്നിവ വാങ്ങി നൽകും. കൂടാതെ പണികൾ നടത്താനാവശ്യമായ ഉപകരണങ്ങളും (ടൂൾ കിറ്റ്) ഓഫീസിനോടനുബന്ധിച്ച് ഒരു മിനി വർക്ക് ഷോപ്പും ഉണ്ടാകും. സേവനം ആവശ്യപ്പെട്ട് സന്ദേശം ലഭിച്ചാൽ ഉടൻതന്നെ സ്ഥലത്തെത്തി സേവനം നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly